തിരിച്ചറിയൽ കാർഡ് നൽകുന്നതിനായി വിവരം നൽകിയിട്ടുള്ളവരും ബാങ്ക് അക്കൗണ്ട് നൽകിയിട്ടുള്ളവരുമായ എല്ലാ മത്സ്യത്തൊഴിലാളികൾക്കും 1350 രൂപ വാർഷിക ധനസഹായം ലഭിക്കുന്ന പദ്ധതിയാണ്. ധനസഹായം ബാങ്ക് വഴിയാണ് നൽകുന്നത്.

(ബി) തണൽ പദ്ധതിപ്രകാരം കൊയിലാണ്ടി മണ്ഡലത്തിൽനിന്ന് 6222 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 6120 പേർക്ക് പദ്ധതി ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ള 102 പേർക്ക് വിവിധ കാരണങ്ങളാൽ (പ്രധാനമായും ബാങ്ക് അക്കൗണ്ട് നൽകാത്തവർ) നൽകിയിട്ടില്ല.

(സി) ബാങ്ക് അക്കൗണ്ടിലുള്ള ന്യൂനത കാരണം 102 അപേക്ഷകർക്ക് ധനസഹായം നൽകിയിട്ടില്ല. ന്യൂനത പരിഹരിച്ച് തിരികെ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം വിതരണം ചെയ്യുന്നതാണ്. ധനസഹായം ലഭിക്കാത്ത വരുടെ മത്സ്യഗ്രാമം തിരിച്ചകണക്ക് താഴെ ചേർക്കുന്നു :

| മത്സ്യഗ്രാമം | അപേക്ഷകരുടെ എണ്ണം |
|---|---|
| വൻമുഖം കടലൂർ | 2 |
| തിക്കോടി | 6 |
| കൊയിലാണ്ടി | 12 |
| എടക്കടവ് | 20 |
| ഏഴുകുടിക്കൽ | 18 |
| വലിയമങ്ങാട് | 24 |
| വിരുന്നുകണ്ടി | 20 |
| ആകെ | 102 |

**കൊടകര ബ്ലോക്ക് പഞ്ചായത്തിലെ തണൽ പദ്ധതി**

**103 (7666)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടകര ബ്ലോക്ക് പഞ്ചായത്തിൽ 60 വയസ്സ് കഴിഞ്ഞ മുഴുവൻ പേരെയും ഉൾപ്പെടുത്തിക്കൊണ്ട് "തണൽ" എന്ന പദ്ധതി നടപ്പിലാക്കി വന്നിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രദ്ധേയമായ ഈ പദ്ധതി നടപ്പിലാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ (സി.ഡി.പി.ഒ.) സമ്മതിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഏറെ പ്രധാനപ്പെട്ട പദ്ധതിയായ 'തണൽ' നടപ്പിലാക്കുവാൻ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ ഫിഷറീസ് വകുപ്പ് ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭിച്ചതും ബയോമെട്രിക് കാർഡിന് വിവര ശേഖരണം നൽകിയതുമായ 60 വയസ്സ് കഴിഞ്ഞ പെൻഷൻ ലഭിക്കാത്തവർക്ക് 1350 രൂപ വാർഷിക ധനസഹായമായി നൽകുന്ന 'തണൽ പദ്ധതി' നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഫിഷറീസ് വകുപ്പും മത്സ്യബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ടി പദ്ധതി ബോർഡ് നേരിട്ടാണ് നടപ്പിലാക്കുന്നത്.

(സി) അർഹരായ മത്സ്യ/അനുബന്ധ തൊഴിലാളികൾ അപേക്ഷ സമർപ്പിക്കുകയാണെങ്കിൽ പദ്ധതി ധനസഹായം നൽകുന്നതാണ്.

**തണൽ പദ്ധതിവഴിയുള്ള ക്ഷേമപ്രവർത്തനങ്ങൾ**

**104 (7667)** ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തണൽ പദ്ധതിവഴി എന്തെല്ലാം ക്ഷേമപ്രവർത്തനങ്ങളാണ് നടന്നു വരുന്നതെന്ന് വിശദമാക്കുമോ ;

(ബി) പദ്ധതി മുഖേന നാട്ടിക നിയോജകമണ്ഡലത്തിലെ വലപ്പാട്, നാട്ടിക, തളിക്കുളം പഞ്ചായത്തുകളിലെ തീരദേശമേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഈ സർക്കാർ അധികാരമേറ്റശേഷം നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തണൽ പദ്ധതി പ്രകാരം ബയോമെട്രിക് കാർഡിന് അർഹരായ എല്ലാ മത്സ്യ/അനുബന്ധ തൊഴിലാളികൾക്കും 1350 രൂപയുടെ വാർഷിക സാമ്പത്തിക സഹായം ലഭിക്കുന്നതാണ്.

(ബി) തണൽ പദ്ധതി പ്രകാരം വലപ്പാട്, നാട്ടിക, തളിക്കുളം പഞ്ചായത്തുകളിൽ നിന്നും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം നിലവിലുള്ളതും ബയോമെട്രിക് കാർഡിന് വിവരശേഖരണം നൽകിയിട്ടുള്ളവരുമായവർക്ക് 1350 രൂപയുടെ സാമ്പത്തിക സഹായം ബാങ്ക് മുഖേന വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ഒന്നാംഘട്ടത്തിലും രണ്ടാംഘട്ടത്തിലും താഴെപ്പറയുംപ്രകാരം ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | പഞ്ചായത്തുകളുടെ പേര് | ഒന്നാംഘട്ടം | | രണ്ടാംഘട്ടം | |
|---|---|---|---|---|---|
| | | ഗുണഭോക്താക്കളുടെ എണ്ണം | തുക | ഗുണഭോക്താക്കളുടെ എണ്ണം | തുക |
| 1 | നാട്ടിക | 580 | 783000 | 580 | 783000 |
| 2 | തളിക്കുളം | 190 | 256500 | 190 | 256500 |
| 3 | വലപ്പാട് | 19 | 25650 | 19 | 25650 |
| | ആകെ | 789 | 1065150 | 789 | 1065150 |

LIBRARY ARCHIVES Kerala Legislative Assembly